PUBLICATION OF TEXT BOOKS

327. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു വില്പന നടത്തുന്നതിനു ഗവമ്മെണ്ടുണ്ടാക്കിയ പദ്ധതി പ്രായോഗികതയിലേക്ക വന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നു വരും;

(സി) ഇത്രവളരെ കാലതാമസത്തിനുള്ള കാരണമെന്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) കഴിയുന്നതും വേഗത്തിൽ വരും.

(സി) പ്രാരംഭവേലകൾ തീർന്നിട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ഇതു ഫ ഫ ഫ-ലേക്കെങ്കിലും നടപ്പിൽ വരുത്തുവാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ അടുത്ത സ്കൂൾ വർഷത്തിനുമുമ്പു് അതു നടത്തണമെന്നാണു് ഗവമ്മെണ്ടിന്റെ പ്ലാൻ.

STRIKE IN THE PORT—CONCILIATION OF

328. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ഫാർബർ പണിമുടക്കു് അവസാനിപ്പിക്കുവാൻ മാനേജ്മെൻറു സ്വീകരിച്ച മദ്ധ്യസ്ഥവ്യവസ്ഥകൾ അവർ ലംഘിക്കുന്നുണ്ടെന്നു ഗവർമ്മെണ്ടിനു് അറിവു കിട്ടിയിട്ടുണ്ടോ;

(ബി) തൊഴിലാളി യൂണിയനുകൾ അതിനെക്കുറിച്ചു് ആവലാതിപ്പെടുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവമ്മെണ്ടു് അതിനെക്കുറിച്ചു് എന്തു ചെയ്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) കിട്ടിയിട്ടില്ല.

(ബി) ഇല്ല.

(സി) ഉത്തരം ആവശ്യമില്ല.

RAMAVARMAPURAM PARTICULARS REGARDING—TRAINING INSTITUTE

329. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി നൽകുമോ.—

(എ) രാമവർമ്മപുരം ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂഷനിൽ ഫ ഫ ഫ— ഫ ൦ ഫ വിദ്യാഭ്യാസവർഷത്തിൽ എത്ര അദ്ധ്യാപക വിദ്യാർത്ഥികൾ പഠിച്ചു;

(ബി) അവരിൽ ഓരോരുത്തർക്കും എത്ര ടീച്ചിങ്ങ് പ്രാക്ടിക്കൽ ക്ലാസ്സ് നടത്തുവാൻ സാധിച്ചു;

(സി) ടീച്ചിങ്ങ് പ്രാക്ടിക്കൽ ക്ലാസ്സു നടത്തുന്ന മോഡൽ സ്കൂളിൽ എത്ര ക്ലാസ്സുകൾ ഉണ്ടു;

(ഡി) മേൽപറഞ്ഞ മോഡൽ സ്കൂളിൽ ഓരോ ക്ലാസ്സുകളിലും എത്ര വിദ്യാർത്ഥികൾ വീതം ഉണ്ടു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഫ൭൭.

(ബി) ഏഴേഴ ക്ലാസ്സുകൾ വീതം.

(സി) ഫർ.

(ഡി)

F. III —39	F. I b—24
F. II a—23	Cl. 4 a—13
F. II b—24	Cl. 4 b—18
F. I a—27	Cl. 3 a—31

LIBRARY ARCHIVES Kerala Legislative Assembly